"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - WP(C) 15277/2024 അന്യായത്തിന്മേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 12/04/2024-ലെ വിധിന്യായം -ശ്രീമതി ശ്രീജ കെ. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.269/2024/F&CS തീയതി,തിരുവനന്തപുരം, 24-08-2024

---

പരാമർശം:-

1. കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസറുടെ 27.04.2023 തീയതിയിലെ DSOKKD/215/2023-CS നമ്പർ നടപടിക്രമം.
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 18.01.2024 തീയതിയിലെ DSOKKD/272/2023 CS2 നമ്പർ നടപടിക്രമം.
3. ശ്രീമതി ശ്രീജ കെ. സർക്കാരിൽ സമർപ്പിച്ച 16.03.2024 തീയതിയിലെ റിവിഷൻ ഹർജി.
4. ബഹു.കേരള ഹൈക്കോടതിയുടെ 12.04.2024 തീയതിയിലെ WP(C) 15277/2024 വിധിന്യായം.
5. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 28.05.2024 തീയതിയിലെ CCS/2655/2024-A8 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ല വടകര താലൂക്കിലെ 202 -ാം നമ്പർ ന്യായവില കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിന് വേണ്ടി ശ്രീമതി ശ്രീജ കെ. സമർപ്പിച്ച അപേക്ഷയും, അപ്പീൽ അപേക്ഷയും യഥാക്രമം കോഴിക്കോട് ജില്ല സപ്ലൈ ആഫീസറും ജില്ലാകലക്ടറും നിരസിച്ച് ഉത്തരവായതിനെതിരെ ടിയാരി പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. കോഴിക്കോട് ജില്ല വടകര താലൂക്കിലെ എഫ്.പി.എസ്. 202 ന്റെ സ്ഥിരം ലൈസൻസി നിയമനത്തിനായി ജില്ലാ സപ്ലൈ ഓഫീസർ 16.05.2022 തീയതിയിൽ വിജ്ഞാപനം ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്യണമെന്നും, എഫ്.പി.എസ്. 202-ൽ സെയിൽസ് വുമാണായി പ്രവർത്തിക്കുന്ന തന്നെ പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസിയായി നിയമിക്കണം എന്നും അപേക്ഷിച്ച് ടി കടയുടെ സെയിൽസ് വുമാണായ ശ്രീമതി ശ്രീജ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 19565/2022-ാം നം. ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. കോടതി ഉത്തരവ് കൈപ്പറ്റി രണ്ട് ആഴ്ച

സമയപരിധിയിൽ എല്ലാ രേഖകളും സഹിതം പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിന് അപേക്ഷിക്കാൻ ശ്രീമതി ശ്രീജയോട് നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത റിട്ട് പെറ്റീഷനിൽമേൽ ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി.

3. ബഹു .കോടതി വിധി പ്രകാരം ശ്രീമതി ശ്രീജ പ്രസ്തുത കടയുടെ ലൈസൻസി നിയമനത്തിന് അപേക്ഷ സമർപ്പിക്കുകയും ജില്ലാ സപ്ലൈ ഓഫീസർ ആയത് പരിശോധിക്കുകയും ചെയ്തു. എന്നാൽ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ (നിയന്ത്രണ) ഉത്തരവ് 2021 പ്രകാരം നിയമപരമായി പരിഗണിക്കാൻ കഴിയാത്തതിനാൽ ശ്രീമതി ശ്രീജ സമർപ്പിച്ച അപേക്ഷ നിരസിച്ചു ജില്ലാസപ്ലൈ ഓഫീസർ പരാമർശം (1) പ്രാകാരം ഉത്തരവായി. ഇതിനെതിരെ ശ്രീമതി ശ്രീജ കെ  ബഹു. ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിച്ചെങ്കിലും മേൽപറഞ്ഞ കാരണത്തിന്റെ അടിസ്ഥാനത്തിൽ ബഹു. ജില്ലാ കളക്ടറും അപ്പീൽ നിരസിച്ചു പരാമർശം (2) പ്രാകാരം ഉത്തരവായി. ടി സാഹചര്യത്തിൽ അപേക്ഷക പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും,റിവിഷൻ ഹർജി Ext P4 ആയി ചേർത്തുകൊണ്ട് ബഹു.കേരള ഹൈക്കോടതിയിൽ WP(C) 15277/2024-ാം നമ്പർ ആയി അന്യായം ഫയൽ ചെയ്യുകയുമുണ്ടായി.

4. ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (4) -ലെ വിധിന്യായ പ്രകാരം, സർക്കാർ ശ്രീമതി ശ്രീജ കെ. യെ 19.06.2024 ന് സർക്കാർ നേരിൽ കേൾക്കുകയുണ്ടായി. പത്താംതരം പാസ്സായ താൻ 2012 മുതൽ FPS 202 ന്റെ സെയിൽസ് വുമൺ ആയി പ്രവർത്തിച്ചുവരികയാണെന്നും ഭർത്താവും 2 മക്കളുമടങ്ങുന്ന കുടുംബത്തിന്റെ ആകെവരുമാനമാർഗം റേഷൻ കടയിൽ നിന്നുള്ള വരുമാനമാണെന്നും അത് നിലച്ചാൽ മറ്റു തൊഴിലൊന്നും തനിക്കറിയില്ലെന്നും ജില്ലാ സപ്ലൈ ആഫീസറുടെയും ജില്ലാകളക്ടറുടെയും മുന്നിൽ ബോധിപ്പിച്ചതും സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയിൽ വ്യക്തമാക്കിയതുമല്ലാതെ മറ്റൊന്നും തനിക്കു ബോധിപ്പിക്കാനില്ലെന്നും ഒരു പ്രത്യേക കേസായി പരിഗണിച്ചു തനിക്ക് എഫ് പി എസ് 202 ന്റെ ലൈസൻസ് അനുവദിച്ചുതരണമെന്നും ഹർജിക്കാരി അഭ്യർത്ഥിച്ചു.ശ്രീമതി ശ്രീജ കെ. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി, ടിയാന്റെ ലൈസൻസിനുള്ള അപേക്ഷ നിരസിച്ച ജില്ലാ സപ്ലൈ ഓഫീസറുടെയും, ജില്ലാ കളക്ടറുടെയും ഉത്തരവുകൾ, ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം, ഇതുസംബന്ധിച്ച് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ലഭ്യമാക്കിയ പരാമർശം (5) പ്രകാരമുള്ള റിപ്പോർട്ട്, ഹിയറിങ്ങ് വേളയിൽ ഹർജിക്കാരി  ഉയർത്തിയ വാദഗതികൽ  എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു.

5. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021, ഖണ്ഡിക 37-ൽ നോമിനേഷനിലൂടെ ലൈസൻസ് നൽകുന്നതോ അല്ലെങ്കിൽ ആശ്രിത നിയമനത്തിലൂടെ ലൈസൻസ് നൽകുന്നതോ അല്ലെങ്കിൽ സെയിൽസ്മാന് റേഷൻകടയുടെ ലൈസൻസ് നൽകുന്നതോ സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന 18.02.2021 ന് കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള ലൈസൻസികൾക്ക് മാത്രമേ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ലെ ഖണ്ഡിക 37 (1) മുതൽ (6) വരെയുള്ള ഉപഖണ്ഡികകൾ

ബാധകമാകുകയുള്ളൂ. 18.02.2021 നോ അതിന് മുമ്പോ റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത ന്യായവിലകടകളിലെ സെയിൽസ്മാൻ/സെയിൽസ് വുമൺന് പത്തു വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും ചട്ടപ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ല.വടകര താലൂക്കിലെ FPS 202 കേരള ടാർജറ്റഡ് പബ്ളിക് ഡിസ്ട്രിബ്യൂഷൻ കൺട്രോൾ ഓർഡർ 2021 പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് 2013-ൽ മറ്റൊരു കടയിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുകയാണ്. നിയമപരമായി പരിഗണിക്കാൻ കഴിയാത്തതിനാലാണ് ടിയാരിയുടെ അപേക്ഷ ജില്ലാ സപ്ലൈ ഓഫീസറും ജില്ലാ കളക്ടറും നിരസിച്ചിട്ടുള്ളത്.

6.ടി വിഷയത്തിൽ ജില്ലാസപ്ലൈ ആഫീസറുടെയും ജില്ലാകളക്ടറുടെയും നടപടികൾ ക്രമപ്രകാരമായതിനാൽ ആയതിൽ ഇടപെടേണ്ട സാഹചര്യമില്ല.ആകയാൽ പരാമർശം (1),(2) നടപടിക്രമങ്ങൾ ശരിവെച്ചും പരാമർശം (3) പ്രകാരമുള്ള ശ്രീമതി ശ്രീജ കെ. യുടെ റിവിഷൻ ഹർജി നിരസിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. WP(C) 15277/2024 നമ്പർ കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 12/04/2024 ലെ വിധിന്യായം ഇപ്രകാരം നടപ്പിൽ വരുത്തുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ,തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, കോഴിക്കോട്
3. ജില്ലാ സപ്ലൈ ഓഫിസർ കോഴിക്കോട്
3. താലൂക്ക് സപ്ലൈ ഓഫിസർ, വടകര
4. ശ്രീമതി ശ്രീജ കെ., വലിയവീട്ടിൽ ഹൗസ്, കുറ്റിയാടി, കോഴിക്കോട്, 673508
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ (FCSD-B2/70/2024-FCSD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 24-08-2024 15:48:19
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി. എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്